LIBRARY ARCHIVES Kerala Legislative Assembly

വിദ്യാലയങ്ങളിൽ മലയാള ഭാഷ നിർബന്ധിത വിഷയമായി പഠിപ്പിക്കാൻ നടപടി

31(720) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാള ഭാഷ നിർബന്ധിത വിഷയമായി പഠിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) മലയാള ഭാഷാപഠനം സംബന്ധിച്ച ആർ.വി.ജി. മേനോൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത നിർദ്ദേശത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്നും വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൽ ഏതൊക്കെയാണ് സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലും മലയാള ഭാഷ നിർബന്ധിത വിഷയമായി പഠിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) സർക്കാർ നിയോഗിച്ച ആർ.വി.ജി. മേനോൻ കമ്മിറ്റി സംസ്ഥാനത്ത് സെക്കണ്ടറിതലം വരെ മലയാള പഠനം നിർബന്ധിതമാക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു. ആർ.വി.ജി. മേനോൻ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിൽ വരുത്തുന്നതിനുവേണ്ട പ്രായോഗിക നിർദ്ദേശങ്ങൾ രൂപപ്പെടുത്താൻ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.)-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി.-യുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിൽപ്പെട്ട സ്കൂളുകളിൽ മലയാളം പാഠമായി ഡിവിഷന് അംഗീകാരം

32(721) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കന്നട മീഡിയം സ്കൂളുകളിൽ മലയാള ഭാഷ പഠിപ്പിക്കാത്തതിനാൽ കുട്ടികൾക്ക് മലയാള ഭാഷാപഠനം നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ;

(സി) ബൻപുത്തടുക്ക എസ്.ഡി.എ. യു.പി. സ്കൂളിൽ 2007-ൽ ആരംഭിച്ച മലയാളം പാരലൽ ഡിവിഷന് അംഗീകാരം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ഇ) ഈ സ്കൂളിലെ മലയാളം പാരലൽ ഡിവിഷന് എന്നത്തേയ്ക്ക് അംഗീകാരം കൊടുക്കുമെന്ന് അറിയിക്കുമോ ;

(എഫ്) കാസർഗോഡ് ജില്ലയിൽ ഏതെങ്കിലും സ്കൂളിൽ മലയാളം പാരലൽ ഡിവിഷന് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ജി) എങ്കിൽ ഏത് സ്കൂളിലാണെന്നും എന്നാണ് അംഗീകാരം കൊടുത്തതെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി&ഇ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സ്കൂളുകൾ അനുവദിക്കുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനും അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് കേരള വിദ്യാഭ്യാസചട്ടം 7A അദ്ധ്യായം VIII പ്രകാരം ടി സ്കൂളിൽ മലയാളം മീഡിയം ഡിവിഷൻ ആരംഭിക്കുന്നതിന് അപേക്ഷിക്കാവുന്നതാണ്. ഈ കാര്യം 27-11-2010-ലെ 51840/എഫ്2/09/പൊ.വി. നമ്പർ കത്ത് പ്രകാരം സ്കൂൾ മാനേജരെ അറിയിച്ചിട്ടുണ്ട്.

(എഫ്&ജി) വിവരം ശേഖരിച്ചു വരുന്നു.

അദ്ധ്യാപകർക്കുള്ള ഇൻസ്പ്ലോർ പദ്ധതി

33(722) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപകർക്കുള്ള ഇൻസ്പ്ലോർ പദ്ധതി എന്നാണ് വിഭാവനം ചെയ്തത് ; പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എത്ര തുകയാണ് ബഡ്ജറ്റിൽ നീക്കിവച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly